LIBRARY ARCHIVES Kerala Legislative Assembly

വിഭിന്ന ശേഷിയുള്ള കുട്ടികൾക്കുള്ള അൺഎയ്ഡഡ് സ്കൂളുകൾ

72 (1127) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിഭിന്ന ശേഷിയുള്ള കുട്ടികൾക്ക് മാത്രമായി എത്ര അൺ എയ്ഡഡ് സ്കൂളുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കൂട്ടത്തിൽ പ്രവർത്തനത്തിൽ മാതൃക കാട്ടിയ സ്കൂളുകളെ എയ്ഡഡ് ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പ്രവർത്തിച്ചുവരുന്ന 292 സ്കൂളുകൾക്ക് PWD Act/Rules പ്രകാരം രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്.

(ബി) ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് 28-4-14-ലെ സ.ഉ.(പി)നമ്പർ 69/2014/പൊ.വി.വ പ്രകാരം തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മാനസികമായ വെല്ലുവിളികൾ നേരിടുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് പദവിയിലേക്ക് ഉയർത്തുന്നത് സംബന്ധിച്ച് പരാമർശിത വിഷയങ്ങളിൽ ബന്ധപ്പെട്ട സ്കൂൾ അധികൃതരുമായും വിദഗ്ധരുമായും ചർച്ചകൾ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പൊതു വിദ്യാഭ്യാസ ഡയറക്ടർ കൺവീനറും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, ഡോ. എം. കെ. ജയരാജ് (പ്രിൻസിപ്പാൾ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ്(എസ്.ഐ.എം.സി.) പാങ്ങപ്പാറ) എന്നിവർ അംഗങ്ങളുമായ ഒരു മൂന്നംഗ കമ്മറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കമ്മറ്റിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

നാഷണൽ സർവ്വീസ് സ്കീം ധനസഹായം

73 (1128) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ സർവ്വീസ് സ്കീം ധനസഹായത്തിൽ നിന്ന് സർക്കാർ പിൻവാങ്ങുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ ;

(ബി) ഈ സ്കീമിൽ അംഗമായിട്ടുള്ള വിദ്യാർത്ഥികളിൽ നിന്നും നിലവിൽ ഫീസ് ഈടാക്കുന്നുണ്ടോ ;

(സി) ഈ സ്കീമിനെ സ്വാശ്രയവത്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;